# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1171** **20.3.2012 ൽ മറുപടിക്ക്**

**ഇ- ടെൻഡറിംഗ്**

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. എ.റ്റി. ജോർജ്

**ഉത്തരം**

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത്‌വകുപ്പു മന്ത്രി)**

(എ) മരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാ-മാണെന്ന് വിശദീകരിക്കുമോ;

(എ). മരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ, 12.11.2011 ലെ സർക്കാർ ഉത്തരവ് (പി) നം.72/2011/പൊമവ പ്രകാരം പൊതു-മരാമത്ത് പാതാവിഭാഗത്തിന്റ ദക്ഷിണ വിഭാഗം സർക്കിളിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവർത്തികൾക്ക് ഇ-ടെൻഡറിംഗ് നടപ്പിലാക്കി. ഇതിന്റെ ഉദ്ഘാടനം 7..12.2011 ൽ തിരുവനന്തപുരത്ത് നടന്നു. തുടർന്ന് 25.1.2012 ലെ സർക്കാർ ഉത്തരവ് (പി)12/2012/പൊമവ പ്രകാരം ഇ-ടെണ്ടറിംഗ് പൊതുമരാമത്ത് വകുപ്പിലെ എല്ലാ വിഭാഗങ്ങളിലേയും, എല്ലാ സർക്കിളു കളിലേയ്ക്കും വ്യാപിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ ഉദ്ഘാടനം 2012 ഫെബ്രുവരി 2,4 തീയതി കളിലായി നടന്നു. ഇ- ടെൻഡർ വ്യവസ്ഥകളനുസരിച്ച്, ടെണ്ടർ വ്യവസ്ഥകളിലും മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നത്;

(ബി) നാഷണ്ൽ ഇൻഫോർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായ ത്തോടെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്

.........തുടർച്ച

(സി) ഇതിന് വേണ്ടുന്ന പരിശീലനം ഉദ്യോഗസ്ഥർക്കും കരാറുകാർക്കും നൽകാൻ നടപടികൾ എടുക്കുമോ ?

(സി) ഇ-ടെണ്ടറിംഗ് സംബന്ധിച്ച പരിശീലനം പൊതുമരാമത്ത് വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഹാളിൽ വച്ച് നൽകി കഴിഞ്ഞു. ഇ-ടെൻഡറിംഗിന്റെ സോഫ്റ്റ് വെയർ കരാറുകാർക്ക് പരിചിതമാക്കുന്നതിനുള്ള ട്രെയിനിംഗ് നൽകി വരുന്നു. ഇനിയും പരിശീലനം ആവശ്യമുള്ള കരാറുകാർക്ക് സംശയനിവാരണത്തിനായി നാഷണൽ ഇൻഫോർമാറ്റിക് സെന്ററിലെ സഹായ കേന്ദ്രത്തേയും നാഷണൽ ഇൻഫോർമാറ്റിക് സെന്ററിലെ ജില്ലാ ഓഫീസർ മാരേയും സമീപിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ